# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7303 16.07.2012 - ൽ മറുപടിക്ക്

## റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേക കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേക കരാർ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രവൃത്തികകൾക്ക് നിലവിലുള്ള ഗ്യാരന്റി പിരീയഡിനു പുറമേ 5 വർഷക്കാലം റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സംരക്ഷിക്കുന്നതിനായുള്ള 'ലോംഗ് ടേം ഹെവിമെയിന്റനൻസ്' പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടി - യായി ശബരിമല റോഡുകളിൽ ഹെവിമെയിന്റനൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) ഈ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കെ. എസ്. റ്റി. പി. യിൽ കരാറുകാരൻ IRC, MORTH പ്രകാരം എല്ലാ ഗുണ നിലവാരത്തിലുമുള്ള ലാബുകൾ സഹിതം നിർമ്മാണം നടത്തേണ്ടതാണ്. ഉപയോഗിക്കുന്ന എല്ലാ മെറ്റീരിയലുകളും മുൻകൂട്ടി പരിശോധിച്ച് മാത്രമേ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടുള്ളൂ. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഇവയുടെ ഗുണനിലവാരം എൻജിനീയർമാർ പരിശോധിക്കുന്നതാണ്. കരാറുകാരൻ മുൻകൂട്ടി ആസൂത്രണം ചെയ്ത് കൃത്യസമയത്തു തന്നെ നിർമ്മാണ പ്രവൃത്തി തീർക്കേണ്ടതാണ്. |
| (സി) | കരാറിലെ വ്യവസ്ഥകൾ ലംഘിച്ചാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (സി) | കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരിൽ നിന്നും ആദ്യ ഘട്ടത്തിൽ ലിക്യുഡേറ്റഡ് ഡാമേജ് (LD) പിടിക്കുന്നതിനും അതിനുശേഷവും നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർത്തില്ലെങ്കിൽ അവരുടെ കരാർ റദ്ദു ചെയ്ത് കരിമ്പട്ടികയിൽപ്പെടുത്തി, സർക്കാരിനുള്ള നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. ഇപ്രകാരം കരിമ്പട്ടികയിൽപ്പെടുത്തി കഴിഞ്ഞാൽ ഭാവിയിൽ കരാറുകാരന് യാതൊരു നിർമ്മാണ പ്രവൃത്തിയും കൊടുക്കുന്നതല്ല. നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് കരാറുകാർ സമർപ്പിച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തടഞ്ഞുവയ്ക്കുകയും, പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനും, ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയുടെ 30% തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും (റവന്യൂ റിക്കവറി നടപടികൾ മൂലം) വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ